# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2484 06.12.2018 -ൽ മറുപടിക്ക്

## ചെറുകിടവ്യവസായ മേഖലയ്ക്കായുള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീ. എം. സ്വരാജ്**

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ചെറുകിടവ്യവസായ മേഖലയ്ക്ക് സഹായകമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് ആക്റ്റുകളിൽ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും(2-ാം നമ്പർ) ആക്റ്റ്(2018-ലെ 14-ാം നിയമം) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്റ്റ് (2000-ലെ)ൽ മേൽ വിജ്ഞാനപ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.<br>സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.<br>വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷ ഫോറം മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ലഭിക്കുന്നതിനായി ആരംഭിച്ച ഏക ജാലക ഓൺലൈൻ സംവിധാനമായ |

| | | | |
|---|---|---|---|
| | | | K-SWIFT ന്റെ ഔദ്യോഗിക ലോഞ്ചിങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| | | | വ്യവസായ വകുപ്പിന്റെയും കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി യുടെയും നിയന്ത്രണത്തിലുള്ള വ്യവസായ പാർക്ക്/ഏരിയ എന്നിവിടങ്ങളിലും ബഹുനില കെട്ടിടസമുച്ചയങ്ങളിലും ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വ്യവസായ നയത്തിന്റെ ചുവട് പിടിച്ച് 03.12.2018 ലെ സ.ഉ.(സാധാ)നം.1329/2018/വ്യവ ഉത്തരവ് പ്രകാരം "വാണിജ്യ മിഷൻ" രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ബി) | ഇക്കാലയളവിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സർക്കാരിന്റെ വ്യവസായ പാർക്കുകളിൽ പുതുതായി ആരംഭിച്ചു എന്ന് അറിയിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകളിൽ 160 എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ പാർക്കുകളിലായി 164 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**